# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XIV
## (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ
## (Home Affairs)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**മൂന്നാമത് റിപ്പോർട്ട്**
**(2018-19)**

**THIRD REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2018-19)**

2018 ഫെബ്രുവരി 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th February, 2018)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV

# (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ

## (Home Affairs)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
മൂന്നാമത് റിപ്പോർട്ട്
(2018-19)

THIRD REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2018-19)

248/2018.

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| അവതാരിക .. | vii |
| റിപ്പോർട്ട് .. | 1 |

# സബ്ജക്ട് കമ്മിറ്റി XIV
## (ആഭ്യന്തര കാര്യങ്ങൾ)
## (2016-2018)

**ഘടന**

ചെയർമാൻ :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

പ്രത്യേക ക്ഷണിതാവ് :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി*

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ഡോ. എം. കെ. മുനീർ

ശ്രീ. കെ. എം. മാണി

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

---

* 2017 ജൂൺ 12-ാം തീയതിയിലെ ബുള്ളറ്റിൻ ഭാഗം — 2 നമ്പർ 264 പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടു

# അവതാരിക

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2018 ഫെബ്രുവരി 12, 14 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശകരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ II | —സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ |
| ധനാഭ്യർത്ഥന നമ്പർ III | —നീതിന്യായ നിർവ്വഹണം |
| ധനാഭ്യർത്ഥന നമ്പർ IV | —തെരഞ്ഞെടുപ്പുകൾ |
| ധനാഭ്യർത്ഥന നമ്പർ XII | —പോലീസ് |
| ധനാഭ്യർത്ഥന നമ്പർ XIII | —ജയിലുകൾ |
| ധനാഭ്യർത്ഥന നമ്പർ XIV | —സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും |
| ധനാഭ്യർത്ഥന നമ്പർ XVII | —വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം |
| ധനാഭ്യർത്ഥന നമ്പർ XXIII | —വാർത്താവിതരണവും പ്രചരണവും |
| ധനാഭ്യർത്ഥന നമ്പർ XXIV | —തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും |
| ധനാഭ്യർത്ഥന നമ്പർ XXXVII | —വ്യവസായങ്ങൾ |
| ധനാഭ്യർത്ഥന നമ്പർ XLI | —ഗതാഗതം |

ഈ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി യോഗങ്ങളിൽ പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്ന് ആവശ്യമായ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

2018 ഫെബ്രുവരി 20-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പിണറായി വിജയൻ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 20.

# റിപ്പോർട്ട്

2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ (ഭാഗം 2) പ്രകാരം പതിനാലാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) പ്രകാരം 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ധനാഭ്യർത്ഥനകളിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച പതിനാലാം സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകൾ, 2018 ഫെബ്രുവരി 12,14 എന്നീ തീയതികളിൽ യോഗം ചേർന്ന് സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകളുടെയും ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച അധിക വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ധനാഭ്യർത്ഥന സംബന്ധിച്ചുമുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളുമാണ് ചുവടെ ചേർത്തിട്ടുള്ളത്:

## ധനാഭ്യർത്ഥന നമ്പർ II—സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

വോട്ട് ചെയ്യുന്നത് : 745,42,27,000 രൂപ

ചാർജ് ചെയ്യുന്നത് : 216,92,07,000 രൂപ

2051—പബ്ലിക് സർവ്വീസ് കമ്മീഷൻ

2051-00-102-99—പബ്ലിക് സർവ്വീസ് കമ്മീഷൻ

വിഹിതം : 204,01,61,000 രൂപ

1. പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയ വിഹിതം സമിതി പരിശോധിച്ചു. അധികമായി അനുവദിക്കപ്പെട്ട ജീവനക്കാർ, ദിവസ വേതനക്കാർ, കമ്മീഷൻ അംഗങ്ങൾ എന്നിവരുടെ ക്ഷാമബത്ത, മെഡിക്കൽ റീ ഇംമ്പേഴ്സ്മെന്റ്, യാത്രാബത്ത, അവധി യാത്രാനുകൂല്യം, പി.എസ്.സി പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ, വെള്ളക്കരം, വൈദ്യുതി കരം, ടെലഫോൺ ചാർജ്, കെട്ടിട വാടക, വാഹന അറ്റകുറ്റപണികൾ, ഇന്ധന ചാർജ് തുടങ്ങിയ ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുകകൾ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | | | |
|---|---|---|---|
| 01-2 - | ക്ഷാമബത്ത | - | 6,23,53,000 രൂപ |
| 01-4 - | മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 89,16,000 രൂപ |
| 02-2 - | ക്ഷാമബത്ത | - | 3,06,000 രൂപ |
| 04-1 - | യാത്രാബത്ത | - | 1,57,03,000 രൂപ |
| 04-2 - | സ്ഥലംമാറ്റ ബത്ത | - | 46,20,000 രൂപ |
| 04-4 - | അവധിയാത്രാനുകൂല്യം | - | 40,50,000 രൂപ |
| 05-1 - | വെള്ളക്കരം | - | 30,88,000 രൂപ |
| 05-2 - | വൈദ്യുതി കരം | - | 1,20,00,000 രൂപ |
| 05-3 - | ടെലഫോൺ ചാർജ് | - | 55,00,000 രൂപ |
| 05-4 - | മറ്റിനങ്ങൾ | - | 31,51,84,000 രൂപ |
| 06 - | വാടക, കരം, നികുതി | - | 1,39,65,000 രൂപ |
| 07 - | പ്രസിദ്ധീകരണങ്ങൾ | - | 57,00,000 രൂപ |
| 18 - | സംരക്ഷണം | - | 99,99,000 രൂപ |
| 21-1 - | മോട്ടോർ വാഹനങ്ങൾ വാങ്ങൽ | - | 90,00,000 രൂപ |
| 21-2 - | സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 15,47,000 രൂപ |
| 26 - | ഔദ്യോഗിക ഭാഷാ പ്രയോഗം | - | 3,00,000 രൂപ |
| 28 - | തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ | - | 21,20,00,000 രൂപ |
| 34-3 - | മറ്റിനം | - | 15,00,00,000 രൂപ |
| 45 - | പി.ഒ.എൽ | - | 15,88,000 രൂപ |

2 കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കാസർഗോഡ് എന്നീ ജില്ലകളിൽ പബ്ലിക് സർവ്വീസ് കമ്മീഷന് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ന്യൂ സർവ്വീസ് പ്രൊസീജ്യർ പ്രകാരം 50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2051-00-102-98—പബ്ലിക് സർവ്വീസ് കമ്മീഷനിൽ കമ്പ്യൂട്ടർവൽകരണം

19—യന്ത്രോപകരണങ്ങൾ

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

3. ഓഫീസുകൾ കമ്പ്യൂട്ടറൈസേഷൻ ചെയ്യുന്നതിന്റെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 120 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052—സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ

2052-00-090-99—അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്

02-വേതനം

വിഹിതം : 3,01,67,000 രൂപ

4. വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനം, ക്ഷാമബത്ത എന്നിവ നൽകേണ്ടതിനാൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം നടപ്പുവർഷത്തെ ചെലവുകൾക്ക് പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-94—പാകിസ്ഥാനിലെയും മറ്റു വിദേശ രാജ്യങ്ങളിലേയും പൗരൻമാരെ സംബന്ധിച്ച ഏജൻസി ജോലികൾ

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം : 15,000 രൂപ

5. 2017-18 വർഷം 24,420 രൂപ ചെലവ് വന്നിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 50,000 രൂപ ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-73—പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് -ഗ്രാന്റ് ഇൻ എയ്ഡ്

വിഹിതം : 1,30,31,000 രൂപ

6. കോളേജുകളിലും സ്കൂളുകളിലും യൂത്ത് പാർലമെന്റ് മത്സരം, സെമിനാർ, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, മോഡൽ പാർലമെന്റ് എന്നിവ അടക്കം നടപ്പ് വർഷം ലക്ഷ്യമിട്ടിരിക്കുന്ന പരിപാടികൾ പൂർത്തിയാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം

അപര്യാപ്തമായതിനാൽ 1,18,41,500 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-66—സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻ ഹൗസ് ട്രെയിനിംഗ്

വിഹിതം : 5,00,000 രൂപ

7. നടപ്പുവർഷം നിശ്ചയിച്ചിട്ടുള്ള പരിശീലന പരിപാടികൾ സുഗമമായി നടത്തുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 10,15,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

വിഹിതം : 3,54,88,000 രൂപ

8. നിലവിലുള്ള 2 വാഹനങ്ങൾ ഉപയോഗരഹിതമായതിനാലും പുതിയ കമ്മീഷണർമാർ ചുമതലയേല്ക്കുമ്പോൾ അവർക്ക് വാഹനം നൽകേണ്ടി വരുമെന്നതിനാലും പുതിയ വാഹനങ്ങൾ അത്യാവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പുതിയ വാഹനം വാങ്ങുന്നതിനായി 21-1- മോട്ടോർ വാഹനങ്ങൾ എന്ന ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-092-81 — ഭരണ പരിഷ്കാര കമ്മീഷൻ

വിഹിതം : 2,81,75,000 രൂപ

9. കമ്മീഷന് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി സെമിനാറുകൾ, ശില്പശാലകൾ എന്നിവ നടത്തുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾക്ക് കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 34-03 മറ്റിനങ്ങൾ എന്ന ഇനത്തിൽ 6 ലക്ഷം രൂപയും 99- വിവരസാങ്കേതിക വിദ്യ എന്ന ഇനത്തിൽ 2 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-090-90—വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള സെക്രട്ടേറിയറ്റ് സെൻട്രൽ ലൈബ്രറിയുടെ നവീകരണം

വിഹിതം : 1,000 രൂപ

10. വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കി സെക്രട്ടേറിയറ്റ് സെൻട്രൽ ലൈബ്രറി നവീകരിക്കാൻ ഉദ്ദേശിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 21,98,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-092-95—ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്

34—മറ്റ് ചെലവുകൾ

വിഹിതം : 6,00,000 രൂപ

11. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടറുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വകുപ്പിന്റെ വെബ്സൈറ്റിന്റെ നിർമ്മാണത്തിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 34 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-092-92—കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ

വിഹിതം : 93,43,000 രൂപ

12. കൗൺസിൽ പുനസംഘടിപ്പിച്ച് നവരീതി ആശയങ്ങളും മാർഗ്ഗങ്ങളും കൂടുതൽ ഫലപ്രദമായി വിഭാവനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് അധിക ജീവനക്കാരെ നിയോഗിക്കേണ്ടിവരുമ്പോൾ ഉണ്ടാകുന്ന അധിക ബാദ്ധ്യത കണക്കിലെടുത്ത് ഈ ഇനത്തിൽ 63,42,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-101-69—സംസ്ഥാന പരിശീലന നയം- പരിശീലന പരിപാടി

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

13. സർക്കാരിന്റെ പുതിയ പരിശീലന നയത്തിന്റെ ഭാഗമായി എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നതിനും പരിശീലന സ്ഥാപനങ്ങളുടെയും ഫാക്കൽറ്റികളുടെയും സൗകര്യങ്ങളും മികവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-101-30—സി-ഡിറ്റിന്റെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കൽ

വിഹിതം: 6,00,00,000 രൂപ (പദ്ധതി)

14. 2017-18 വർഷത്തെ പദ്ധതി വിഹിതം വിനിയോഗിച്ച് നടത്തിവരുന്ന വിവിധ പ്രൊജക്ടുകളുടെ തുടർ പ്രവർത്തനത്തിനും, നടപ്പ് വർഷം ആസൂത്രണം ചെയ്ത പ്രകാരമുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ III—നീതിന്യായ നിർവ്വഹണം

വോട്ടുചെയ്യുത് : 761,60,73,000 രൂപ

ചാർജ് ചെയ്യുത് : 133,59,24,000 രൂപ

2014 —നീതിന്യായ നിർവ്വഹണം

2014-00-102-99 —ഹൈക്കോടതി

01-4—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

വിഹിതം: 1,66,38,000 രൂപ

15. ഹൈക്കോടതി ജഡ്ജിമാർ, വിരമിച്ച ജഡ്ജിമാർ, ഗസറ്റഡ് ഓഫീസർമാർ, ജീവനക്കാർ എന്നിവരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ക്ലെയിമുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 33,62,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21—മോട്ടോർ വാഹനങ്ങൾ 1- വാഹനം വാങ്ങൽ

വിഹിതം: 1,000 രൂപ

16. ജഡ്ജിമാരുടെ ഔദ്യോഗിക ആവശ്യത്തിനുള്ള 28 വാഹനങ്ങൾ 5 വർഷത്തിലധികം പഴക്കമുള്ളതായതിനാൽ അവ മാറ്റി വാങ്ങേണ്ടതാണെന്നും പുതുതായി നിയമിക്കപ്പെടുന്ന ജഡ്ജിമാർക്ക് 10 വാഹനങ്ങളും പ്രോട്ടോക്കോൾ ആവശ്യത്തിലേക്കായി 2 മാരുതി കാറുകളും ജഡ്ജിമാരുടെ ടൂർ ആവശ്യത്തിനായി 3 വാഹനങ്ങളും സർക്കുലേഷനും മറ്റാവശ്യങ്ങൾക്കുമായി 9 വാഹനങ്ങളും വാങ്ങേണ്ടതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9,52,87,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-105-98 — മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ

21-1— വാഹനം വാങ്ങൽ

വിഹിതം : 1,000 രൂപ

17. തളിപ്പറമ്പ് കോടതിക്ക് പുതിയ സ്റ്റാഫ് കാർ വാങ്ങുന്നതിനും തിരൂർ കോടതിയിലെ പഴയ കാർ മാറ്റി വാങ്ങുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 15,99,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-105-99 —സിവിലും സെഷൻസും കോടതികൾ

21-1— വാഹനം വാങ്ങൽ

വിഹിതം: ഇല്ല

18. എറണാകുളത്തും കൊല്ലത്തുമുള്ള വഖഫ് കോടതികളിലെ പഴയ സ്റ്റാഫ് കാർ മാറ്റി വാങ്ങുന്നതിന് 16,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-117-99 —കുടുംബ കോടതികൾ

21-1— മോട്ടോർ വാഹനങ്ങൾ വാങ്ങൽ

വിഹിതം : ഇല്ല

19. 10 കോടതികളിലെ പഴയ സ്റ്റാഫ് കാർ മാറ്റി പുതിയവ വാങ്ങുന്നതിനും 7 കോടതികൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും ഈ ശീർഷകത്തിൽ 1,36,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-108-99—ക്രിമിനൽ കോടതികൾ

21-1—വാഹനം വാങ്ങൽ

വിഹിതം : ഇല്ല

20. ആലപ്പുഴ, കോട്ടയം, പാലക്കാട്, മഞ്ചേരി, കൽപ്പറ്റ, തലശ്ശേരി എന്നിവിടങ്ങളിലെ ചീഫ് മജിസ്ട്രേറ്റ് കോടതികളിലെ പഴയ കാറുകൾ മാറ്റി പുതിയവ വാങ്ങുന്നതിന് 47,99,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-82 —പുതിയ താൽക്കാലിക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന്

വിഹിതം : 1,000 രൂപ

21. പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 45 പുതിയ താൽക്കാലിക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് 11,52,70,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂ സർവ്വീസ് പ്രൊസീജ്യർ പ്രകാരം താഴെപ്പറയുന്ന ഇനങ്ങൾക്ക് തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | | |
|---|---|---|
| വിവര സാങ്കേതിക വിദ്യ അധിഷ്ഠിത കോടതികൾക്ക വേണ്ടി സാങ്കേതിക ജ്ഞാനമുള്ള മാനവ വിഭവശേഷി വർദ്ധനവ് | - | 2,59,00,000 രൂപ |
| ന്യായാധിപരുടെ പരിശീലനവും കാര്യക്ഷമത വർദ്ധിപ്പിക്കലും | - | 42,00,000 രൂപ |
| വ്യവഹാര സൗഹൃദമാക്കുന്നതിനു വേണ്ടി നിലവിലുള്ള കോടതികളുടെ പുനർനിർമ്മാണം | - | 6,88,00,000 രൂപ |
| രേഖകളുടെ സ്കാനിംഗും ഡിജിറ്റൈസേഷനും | - | 4,00,00,000 രൂപ |

2014-00-800-93 —സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക

21-1—വാഹനം വാങ്ങൽ

വിഹിതം : ഇല്ല

23. കീഴ്കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാരുടെ ഉപയോഗത്തിനായി 15 പുൾ വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 1,20,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-114-96 —പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ

വിഹിതം : 1,62,70,000 രൂപ

24. പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെയും കേരള ലോകായുക്ത സ്പെഷ്യൽ അറ്റോർണി ഓഫീസിലെയും ജീവനക്കാരുടെ ശമ്പളമടക്കമുള്ള പ്രവർത്തന ചെലവുകൾക്കായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-116-99—കേരള ഭരണ നിർവ്വഹണ മദ്ധ്യസ്ഥ കോടതി

വിഹിതം : 9,51,95,000 രൂപ

25. ജീവനക്കാരുടെ വേതനം, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, വാഹനങ്ങളുടെ ഇന്ധന ചെലവ് എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ് - 8,00,000 രൂപ

02-5-ദിവസ വേതനം - 20,00,000 രൂപ

45- പി.ഒ.എൽ - 4,88,000 രൂപ

2014-00-800-94—നിയമ സഹായനിധി അംശദാനം

വിഹിതം : 6,00,00,000 രൂപ

26. 1959-ലെ കേരള കോടതി ഫീസും വ്യവഹാര സലയും ആക്ടിലെ 76-ാം വകുപ്പ് പ്രകാരം നിയമസഹായ നിധിയിലേക്ക് വരവ് വയ്ക്കേണ്ട തുക പൂർണ്ണമായും ലഭിക്കുന്നതിന് 9,79,56,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-114-93—കേരള സംസ്ഥാന നിയമ സഹായ സമിതി

01-4— മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്

വിഹിതം : 3,60,000 രൂപ

27. കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിലും അതിന്റെ ജില്ലാ താലൂക്ക് ഓഫീസുകളിലും ഉള്ള രണ്ട് ജില്ലാ ജഡ്ജിമാരുടെയും 14 സബ് ജഡ്ജിമാരുടെ റാങ്കിൽ വരുന്ന ജുഡീഷ്യൽ ഓഫീസർമാരുടെയും, 222 ജീവനക്കാരുടെയും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 2,40,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04-1—യാത്രാബത്ത

വിഹിതം : 5,04,000 രൂപ

28. കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിലെ 222 ജീവനക്കാരുടെയും, രണ്ട് ജില്ലാ ജഡ്ജിമാരുടെയും, 14 സബ് ജഡ്ജിമാരുടെയും, എക്സിക്യൂട്ടീവ് ചെയർമാന്റെയും യാത്രാബത്ത ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04-2—സ്ഥലംമാറ്റ ബത്ത

വിഹിതം : 1,70,000 രൂപ

29. നിയമ സേവന അതോറിറ്റിയിലെ ജുഡീഷ്യൽ ഓഫീസർമാരുടെയും ജീവനക്കാരുടെയും സ്ഥലംമാറ്റ ബത്ത ഇനത്തിൽ 90,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04-4—അവധി യാത്രാനുകൂല്യം

വിഹിതം : 1,00,000 രൂപ

30. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-114-93 — കേരള സംസ്ഥാന നിയമ സഹായ സമിതി

വിഹിതം : 05-3 - 4,75,000 രൂപ

05-4 - 5,25,000 രൂപ

06- - 8,56,000 രൂപ

21-1 - 1,000 രൂപ

21-2 - 2,52,000 രൂപ

34-03- 2,40,00,000 രൂപ

31. താഴെപറയുന്ന ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങൾക്ക നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | | | | |
|---|---|---|---|---|
| 05-3 | - | ടെലഫോൺ ചെലവ് | - | 3,00,000 രൂപ |
| 05-4 | - | മറ്റിനങ്ങൾ | - | 3,00,000 രൂപ |
| 06 | - | വാടക, കരം, നികുതി | - | 6,50,000 രൂപ |
| 21 -1 | - | മോട്ടോർ വാഹനങ്ങൾ- വാങ്ങൽ | - | 1,12,00,000 രൂപ |
| 21-2 | - | സംരക്ഷണവും അറ്റകുറ്റപണികളും | - | 1,80,000 രൂപ |
| 34-3 | - | മറ്റിനം | - | 7,00,00,000 രൂപ |

2014-00-114-92—സ്ഥിര ലോക അദാലത്ത് (പി.എൽ.എ.)

വിഹിതം : 1,48,16,000 രൂപ

32. ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരമുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 01-ശമ്പളം-ക്ഷാമബത്ത | 3,57,000 രൂപ |
| 01-4-മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് | 80,000 രൂപ |
| 04-1-യാത്രാബത്ത | 6,000 രൂപ |
| 04-2-സ്ഥലംമാറ്റബത്ത | 9,000 രൂപ |
| 04-4-അവധി യാത്രാനുകൂല്യം | 90,000 രൂപ |
| 05-2-വൈദ്യുതി ചെലവ് | 5,000 രൂപ |
| 05-3-ടെലഫോൺ ചെലവ് | 15,000 രൂപ |
| 05-4- മറ്റിനം | 45,000 രൂപ |

2014-00-114-98—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

വിഹിതം : 11,43,26,000 രൂപ

33. നിയമവകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാരുടെ പ്രതിഫലം, ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസ വേതനം, ഇന്ധനച്ചെലവ്, വാഹനങ്ങളുടെ ഇൻഷ്വറൻസ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണി എന്നീ ചെലവുകൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-80—കേരള നിയമ പരിഷ്കരണ കമ്മീഷൻ

വിഹിതം : 1,000 രൂപ

34. നിയമ പരിഷ്കരണ കമ്മീഷൻ ഓഫീസ് പ്രവർത്തനത്തിനായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 94,64,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന IV— തെരഞ്ഞെടുപ്പുകൾ

വോട്ട് ചെയ്യത് : 63,62,54,000 രൂപ

ചാർജ് ചെയ്യത് : ഇല്ല

2015—തെരഞ്ഞെടുപ്പുകൾ

2015-00-101-99—സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

02—വേതനം

വിഹിതം : 3,43,000 രൂപ

35. കമ്മീഷൻ ഓഫീസിൽ ജോലി ചെയ്ത് വരുന്ന 5 ജീവനക്കാർക്ക് വേതനം നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34—മറ്റു ചെലവുകൾ

3 —മറ്റിനം

വിഹിതം :2,00,000 രൂപ

36. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഇ-ഓഫീസ് പ്രവർത്തനം ആരംഭിക്കേണ്ടതിനാലും കൂടാതെ സ്റ്റേഷനറി വകുപ്പ് നാളിതുവരെ സൗജന്യമായി അനുവദിച്ചിരുന്ന പേപ്പർ ഉൾപ്പെടെയുള്ള സ്റ്റേഷനറി സാധനങ്ങൾക്ക് 2016-2017 മുതൽ വില നൽകേണ്ടതിനാലും ഈ ഇനത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-105-99—ലോക് സഭ

വിഹിതം : 2,25,00,000 രൂപ

37. 2019-ലെ ലോക് സഭാ തെരഞ്ഞെടുപ്പിന്റെ പ്രാരംഭ ചെലവുകൾക്കായും വോട്ടിംഗ് മെഷീനുകൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതിനും അവ സൂക്ഷിക്കുന്നതിനും അവയുടെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 17.75 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-106-99—നിയമസഭ

വിഹിതം : 5,000 രൂപ

38. സംസ്ഥാന നിയമസഭയിലേക്ക് ഏതെങ്കിലും വിശേഷാൽ സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് നടത്താനിടയായാൽ ആയതിലേക്കുള്ള ചെലവുകൾ വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നമാണ്. നിലവിൽ ചെങ്ങന്നൂർ നിയമസഭാ മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് നടത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-109-99—പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

വിഹിതം : 1,000 രൂപ

39. 2015-ലെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഇ.വി.എം. മെഷീൻ വാങ്ങിയതിന് ഇസിഐഎൽ-ന് കൊടുത്തുതീർക്കാനുള്ള ബാധ്യതയായ 7.95 കോടി രൂപ കൊടുത്തു തീർക്കുന്നതിനും 2018-19-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും, 2019-ലെ തെരഞ്ഞെടുപ്പിലേക്കായി പുതിയ 7500 ഇ.വി.എം. മെഷീൻ വാങ്ങുന്നതിനും, ആയതിന്റെ വെയർഹൗസ് ചെലവുകൾ, ഫസ്റ്റ് ലെവൽ ചെക്കിംഗ് നടത്തുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 18,88,19,000 രൂപ അധികമായി അനുവദിക്കണമന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XII—പോലീസ്

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 4086,60,97,000 രൂപ |
| ചാർജ് ചെയ്തത് | : | 5,76,20,000 രൂപ |

2055—പോലീസ്

2055-00-001—ഭരണവും നടത്തിപ്പും

99—മേൽനോട്ടം

04—യാത്രാ ചെലവുകൾ -1 യാത്രാബത്ത

വിഹിതം : 76,63,000 രൂപ

40. പോലീസ് ആസ്ഥാനത്തേയും സോണൽ ഓഫീസിലേയും, റേഞ്ച് ഐ.ജി ഓഫീസിലേയും യാത്രാബത്ത മേൽ ശീർഷകത്തിൽ നിന്നായതിനാൽ 13,37,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05— ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

വിഹിതം : 71,00,000 രൂപ

41. പോലീസ് ആസ്ഥാനത്തേയും, സോണൽ ഓഫീസിലേയും, റേഞ്ച് ഐ.ജി ഓഫീസുകളിലേയും വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതും ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകൾ എല്ലാം നിർവ്വഹിക്കുന്നതും ഈ ശീർഷകത്തിൽ നിന്നായതിനാൽ 79,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18- സംരക്ഷണം

വിഹിതം: 20,00,000 രൂപ

42. പോലീസ് ആസ്ഥാനത്തേയും സോണൽ ഓഫീസിലേയും റേഞ്ച് ഐ.ജി ഓഫീസിലേയും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 5 കോടി രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21 - മോട്ടോർ വാഹനങ്ങൾ - 1 വാഹനം വാങ്ങൽ

വിഹിതം : ഇല്ല

43. 2017-18 വർഷത്തെ കടിശ്ശിക തീർക്കുന്നതിനും അടുത്ത സാമ്പത്തിക വർഷത്തെ ചെലവുകൾക്കുമായി ഈ ഇനത്തിൽ 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003-99 —പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും

05—ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

വിഹിതം : 8,40,000 രൂപ

44. പോലീസ് ട്രെയിനിംഗ് കോളേജിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും ഐ.പി.എസ്. ഓഫീസർമാരുടെ AIS അലവൻസ് നൽകുന്നതിനും പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി മുതലായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 9,60,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17 —ചെറുകിട മരാമത്തു പണികൾ

വിഹിതം : 5,50,000 രൂപ

45. പോലീസ് ട്രെയിനിംഗ് കോളേജിലെ ചെറുകിട മരാമത്തു പണികൾക്ക് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9,50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21 —മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 5,50,000 രൂപ

46. പോലീസ് ട്രെയിനിംഗ് കോളേജിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ 1,96,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003-98 — കേരള പോലീസ് അക്കാഡമി

04 —യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം : 20,00,000 രൂപ

47. മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 9,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05 —ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

വിഹിതം : 16,80,000 രൂപ

48. കേരള പോലീസ് അക്കാഡമിയിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും ഐ.പി.എസ്. ഓഫീസർമാരുടെ AIS അലവൻസ് നൽകുന്നതിനും പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി മുതലായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകളും വഹിക്കേണ്ടതിനാൽ ഈ ഇനത്തിൽ 4,20,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18 —സംരക്ഷണം

വിഹിതം : 60,00,000 രൂപ

49. കേരള പോലീസ് അക്കാഡമിയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ 2,40,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34 —മറ്റു ചെലവുകൾ - 3 മറ്റിനം

വിഹിതം : 53,30,000 രൂപ

50. പോലീസ് സേനയിലെ സിവിൽ പോലീസ് ഓഫീസർ, വനിതാ പോലീസ് ഓഫീസർ, ഡ്രൈവർ, ടെലികമ്മ്യൂണിക്കേഷൻ വിംഗ് എന്നീ തസ്തികകളിൽ നടന്നു വരുന്ന പരിശീലനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 26,70,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003-94—കേരള പോലീസ് അക്കാഡമി - ഇൻസർവ്വീസ് കേഡറ്റ്സ്

വിഹിതം : 14,58,25,000 രൂപ

51. സിവിൽ പോലീസ് ഓഫീസർ, വനിതാ പോലീസ് ഓഫീസർ, ഡ്രൈവർ, ടെലികമ്മ്യൂണിക്കേഷൻ വിംഗ് എന്നീ തസ്തികകളിൽ നടന്നുവരുന്ന പരിശീലനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-1- ശമ്പളം - 8,22,20,000 രൂപ

01-2 -ക്ഷാമബത്ത - 13,90,000 രൂപ

01-5 - മറ്റു അലവൻസുകൾ - 5,65,000 രൂപ

2055-00-101-99 —കുറ്റാന്വേഷണ വിഭാഗം

05 —ഓഫീസ് ചെലവുകൾ- 4 മറ്റിനങ്ങൾ

വിഹിതം : 25,00,000 രൂപ

52. വിവിധ ഓഫീസ് ചെലവുകൾക്ക് പുറമേ ക്രൈം കേസുമായി ബന്ധപ്പെട്ട് വിവിധ ടെസ്റ്റുകൾ നടത്തുന്നതിനുള്ള ചെലവ് എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18 —സംരക്ഷണം

വിഹിതം : 3,00,000 രൂപ

53. സി.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിലെ തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-101-98 —സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.

04 —യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം : 2,30,00,000 രൂപ

54. മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കേണ്ടതിനാൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 2,20,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05 —ഓഫീസ് ചെലവുകൾ- 4 മറ്റിനങ്ങൾ

വിഹിതം : 37,00,000 രൂപ

55. എസ്.ബി.സി.ഐ.ഡി യിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും ഐ.പി.എസ്. ഓഫീസർമാരുടെ AIS അലവൻസ് നൽകുന്നതിനും ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി മുതലായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുമായി ഈ ഇനത്തിൽ 23 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18 —സംരക്ഷണം

വിഹിതം : 4,80,000 രൂപ

56. എസ്.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-104-99 —സായുധ പോലീസ്

04 —യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം : 9,97,50,000 രൂപ

57. ഇലക്ഷൻ, ശബരിമല ഡ്യൂട്ടി എന്നിവയുമായി ബന്ധപ്പെട്ട ടി.എ. ബില്ലുകൾ മാറേണ്ടതിനാലും, പുതിയ വനിതാ ബറ്റാലിയൻ രൂപീകരിച്ചതുകൊണ്ടും ഈ ഇനത്തിൽ കൂടുതൽ തുക അധികമായി വേണ്ടി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 10,02,50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05 —ഓഫീസ് ചെലവുകൾ - 1 വെള്ളക്കരം

വിഹിതം : 57,75,000 രൂപ

58. മുൻകാല കടിശ്ശിക തീർക്കുന്നതിലേക്കായും 9 ബറ്റാലിയനിലേക്കുള്ള അടുത്ത സാമ്പത്തിക വർഷത്തെ ചെലവിനായും ഈ ഇനത്തിൽ 42,25,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05 —ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

വിഹിതം : 1,07,00,000 രൂപ

59. ബറ്റാലിയനിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും ഓഫീസ് ചെലവുകൾക്കും ഐ.പി.എസ്. ഓഫീസർമാരുടെ AIS അലവൻസ് നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,43,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18 —സംരക്ഷണം

വിഹിതം : 1,32,00,000 രൂപ

60. ബറ്റാലിയനുകളിൽ ഭരണാനുമതി ലഭിച്ച അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 8,68,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34 —മറ്റു ചെലവുകൾ - 3 മറ്റിനം

വിഹിതം : 65,00,000 രൂപ

61. കേരളത്തിലെ 8 ബറ്റാലിയൻ യൂണിറ്റുകളിലെയും ഗസ്റ്റ് അദ്ധ്യാപകർക്കുള്ള പ്രതിഫലം, പരിശീലനത്തിനായി പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, സ്തുത്യർഹമായ സേവനത്തിനുള്ള മെഡലുകൾ, റിവാർഡുകൾ, പോലീസ് സേനയിലെ കായിക താരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് തുടങ്ങിയ ചെലവുകളെല്ലാം തന്നെ നിർവ്വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ബറ്റാലിയനുകളുടെ പരിശീലനവുമായി ബന്ധപ്പെട്ട പരിപാടികളുടെ സുഗമമായ നടത്തിപ്പിന് മേൽ ശീർഷകത്തിൽ 1,35,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-104-98 —ഇന്ത്യ റിസർവ് ബറ്റാലിയൻ

04 —യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം : 90,00,000 രൂപ

62. ഇന്ത്യാ റിസർവ് ബറ്റാലിയന്റെ പരിശീലനത്തിനായി സംസ്ഥാനത്തിന് അകത്തും പുറത്തും സേനാംഗങ്ങൾക്ക് യാത്രചെയ്യേണ്ടി വരുന്നത് കണക്കിലെടുത്തും ശബരിമല, ഇലക്ഷൻ ഡ്യൂട്ടി സംബന്ധിച്ച കടിശ്ശിക ബാദ്ധ്യത തീർക്കുന്നതിനും സാമ്പത്തിക വർഷം അവസാനംവരെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1,10,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05 —ഓഫീസ് ചെലവുകൾ- 4 മറ്റിനങ്ങൾ

വിഹിതം : 16,00,000 രൂപ

63. ഐ.ആർ. ബറ്റാലിയനിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് ചാർജ്, ഐ.പി.എസ്. ഓഫീസർമാരുടെ AIS അലവൻസ്, ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിന്റെ ചെലവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 14,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18 —സംരക്ഷണം

വിഹിതം : 30,000 രൂപ

64. ഐ.ആർ. ബറ്റാലിയനിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 50,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21 —മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 8,00,000 രൂപ

65. ഐ.ആർ. ബറ്റാലിയന്റെ വാഹനങ്ങളുടെയും ആന്റി നക്സൽ ഓപ്പറേഷന് ഉപയോഗിക്കുന്ന വാഹനങ്ങളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6,23,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34 —മറ്റു ചെലവുകൾ - 3 മറ്റിനം

വിഹിതം : 17,00,000 രൂപ

66. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 33 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45 —പി.ഒ.എൽ.

വിഹിതം : 26,25,000 രൂപ

67. ഐ. ആർ. ബറ്റാലിയന്റെ വാഹനങ്ങളുടെയും മാവോയിസ്റ്റ് വേട്ടയ്ക്ക് നിയോഗിച്ചിട്ടുള്ള തണ്ടർബോൾട്ട് കമാന്റോകളുടെ വാഹനങ്ങളുടെയും ഇന്ധനചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 14,18,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-109-99 —ജില്ലാ സേന

04 —യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം : 28,51,00,000 രൂപ

68. മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ ഇനത്തിൽ വൻ കുടിശ്ശിക നിലനിൽക്കുന്നതിനാൽ കുടിശ്ശിക തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 19,49,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05 —ഓഫീസ് ചെലവുകൾ - 1 വെള്ളക്കരം

വിഹിതം : 1,00,00,000 രൂപ

69. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2,25,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05 —ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

വിഹിതം : 5,50,00,000 രൂപ

70. പോലീസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17 —ചെറുകിട മരാമത്തുപണികൾ

വിഹിതം : 82,50,000 രൂപ

71. പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെയും ജില്ലാ പോലീസ് ഓഫീസ് കെട്ടിടങ്ങളുടെയും മരാമത്തുപണികൾക്കായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18 —സംരക്ഷണം

വിഹിതം : 1,15,50,000 രൂപ

72. പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനും പോലീസ് സ്റ്റേഷനുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനുമായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19 —യന്ത്രോപകരണങ്ങൾ

വിഹിതം : 75,00,000 രൂപ

73. നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,05,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21 —മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 6,46,00,000 രൂപ

74. പോലീസ് സ്റ്റേഷനുകളിലെയും ജില്ലാ പോലീസ് ഓഫീസുകളിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2,50,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-111-99 — റെയിൽവേ പോലീസ്

04 —യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം : 99,75,000 രൂപ

75. മുൻവർഷങ്ങളിലെ ടി.എ ബില്ലുകളുടെ കുടിശ്ശിക നൽകേണ്ടതിനാൽ ഈ ശീർഷകത്തിൽ 30,25,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45 —പി.ഒ.എൽ.

വിഹിതം : 12,00,000 രൂപ

76. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16,16,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-112-98 —തീരദേശ പോലീസ് സ്റ്റേഷനുകൾ

04 —യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം : 13,00,000 രൂപ

77. ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവയുടെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 3,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-114-99 —വയർലെസ് യൂണിറ്റ്

04 —യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം : 81,00,000 രൂപ

78. മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കേണ്ടതുള്ളതിനാൽ ഈ ഇനത്തിൽ 29,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-114-98 — കമ്പ്യൂട്ടർ സെന്റർ

05 —ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

വിഹിതം : 7,00,000 രൂപ

79. വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34 —മറ്റു ചെലവുകൾ - 3 മറ്റിനം

വിഹിതം : 45,000 രൂപ

80. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4,55,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45 —പി.ഒ.എൽ.

വിഹിതം : 1,32,000 രൂപ

81. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7,09,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-116-99 —ഫോറൻസിക് സയൻസ്

18 —സംരക്ഷണം

വിഹിതം : 1,000 രൂപ

82. ഫോറൻസിക് സയൻസ് ലാബിന്റെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 15,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-115-99 —പോലീസ് സേന നവീകരിക്കുന്നതിന്

01 —കേന്ദ്രവിഹിതം

വിഹിതം : 1,000 രൂപ

83. 2017-18 വർഷം അനുവദിച്ച മുഴുവൻ തുകയും വിനിയോഗിച്ചിട്ടില്ലെങ്കിലും നടപടികൾ തുടർന്നു വരുന്നതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

02 —സംസ്ഥാന വിഹിതം

വിഹിതം : 1,000 രൂപ

84. 2017-18 വർഷം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല എന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതിനാലും പുതിയ പദ്ധതികൾ പൂർത്തിയാക്കേണ്ടതിനാലും ഈ ഇനത്തിൽ 17 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4055 —പോലീസ് സംബന്ധിച്ച മൂലധന ചെലവുകൾ

4055-00-207-97 —മറ്റു കെട്ടിടങ്ങൾ

01 —വൻകിട മരാമത്തുപണികൾ

വിഹിതം : 1,000 രൂപ

85. പോലീസ് വകുപ്പിലെ മേജർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 89 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4055-00-207-96 —പുതിയ പോലീസ് സ്റ്റേഷനുകൾ

വിഹിതം : 1,000 രൂപ

86. പുതിയ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾക്കായി 2,68,40,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

4055-00-800-96 —പോലീസ് ആസ്ഥാനമന്ദിരങ്ങളുടെ നിർമ്മാണം

വിഹിതം : ഇല്ല

87. പോലീസ് ആസ്ഥാന മന്ദിരങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 8,83,03,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

2062 —വിജിലൻസ്

2062 -00- 104-98 —വിജിലൻസ് വകുപ്പിന്റെ നവീകരണം

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

88. ബ്യൂറോയുടെ നവീകരണത്തിനും സുഗമമായ പ്രവർത്തനത്തിനുമായി, സെർവർ അഡ്മിനിസ്ട്രേഷൻ, സോഫ്റ്റ് വെയർ എ. എം. സി., പുതിയ മൊഡ്യൂളുകൾ എന്നിവയ്ക്കായി 10 ലക്ഷം രൂപയും, ഓഫീസ് ആവശ്യത്തിലേക്കായി പുതിയ 14 വാഹനങ്ങൾ വാങ്ങുന്നതിന് 10 ലക്ഷം രൂപയും, ഇൻഫ്രാസ്ട്രക്ച്ചർ ലോജിസ്റ്റിക്കിനായി 10 ലക്ഷം രൂപയും തിരുവനന്തപുരം വിജിലൻസ് കോംപ്ലക്സിന്റെ ആദ്യ ഘട്ട നിർമ്മാണത്തിനായി 1 കോടി രൂപയും ഉത്തരമേഖലാ വിജിലൻസ് ഓഫീസിൽ ലിഫ്റ്റ് അനുവദിക്കുന്നതിനായി 51 ലക്ഷം രൂപയും അടക്കം ഈ ശീർഷകത്തിൽ 1.81 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2062-00-104-99 —വിജിലൻസ്

വിഹിതം : 85,97,85,000 രൂപ

04-2 —സ്ഥലംമാറ്റബത്ത

വിഹിതം : 3,00,000 രൂപ

89. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04-4 —അവധി യാത്രാനുകൂല്യം

വിഹിതം : 4,00,000 രൂപ

90. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-4 —മറ്റിനങ്ങൾ

വിഹിതം : 60,00,000 രൂപ

91. വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 15 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06 —<u>വാടക, കരം, നികുതി</u>

വിഹിതം : 45,00,000 രൂപ

92. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മലപ്പുറം, SIU I, SIU II, Spl.Cell Tvm, TSR, IDK, TVM, ALA, KKD, ALA, TSRY തുടങ്ങിയ ഓഫീസുകളുടെ വാടക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>5 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2062-00-105-96—<u>സ്പെഷ്യൽ ജഡ്ജി കൂടിയായ എൻക്വയറി കമ്മീഷണർ, തിരുവനന്തപുരം</u>

06 —<u>വാടക, കരം, നികുതി</u>

വിഹിതം : 2,01,000 രൂപ

93. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ ഔദ്യോഗിക വസതിയുടെ വാടക ഇനത്തിൽ പ്രതി വർഷം 2,40,000 രൂപ ചെലവ് വരുമെന്നും ആയതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ വാടക പൂർണ്ണമായും നൽകുന്നതിനായി <u>ഈ ശീർഷകത്തിൽ 39,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2062-00-105-94 —<u>എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം</u>

01-4 —<u>മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

വിഹിതം : 20,000 രൂപ

94. വകുപ്പ്മേധാവിയായ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ 1,18,358 രൂപയുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകളും സ്റ്റാഫുകളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകളും മാറിക്കൊടുക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ <u>ഈ ശീർഷകത്തിൽ 1,20,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

05 —<u>ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ</u>

വിഹിതം : 1,00,000 രൂപ

95. സാക്ഷിപ്പടി കുടിശ്ശിക, 2010 മുതലുള്ള ലാ ജേർണൽ ബൈൻഡിംഗ് ചാർജ് എന്നിവ കൊടുത്ത് തീർക്കുവാൻ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>50,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2062-00-105-97—എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

വിഹിതം : 88,13,000 രൂപ

96. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കമ്പ്യൂട്ടർ വൽക്കരണത്തിലേയ്ക്കായി 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2062 -00- 105-90 —എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മൂവാറ്റുപുഴ

02-5 —ദിവസ വേതനം

വിഹിതം : 1,47,000 രൂപ

97. ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് വേതനം നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 1,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

04-1 —യാത്രാബത്ത

വിഹിതം : 18,000 രൂപ

98. കേസുകളുടെ സൗകര്യാർത്ഥം മാസം തോറും നാലോ അഞ്ചോ തവണ എറണാകുളം പി. ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ കോടതിയുടെ ക്യാംപ് സിറ്റിംഗ് നടത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് യാത്രാബത്ത നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 32,000 രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45 —പി.ഒ.എൽ.

വിഹിതം : 50,000 രൂപ

99. നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2062 -00- 105-89 —എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് തലശ്ശേരി

06 —വാടക, കരം, നികുതി

വിഹിതം : 2,50,000 രൂപ

100. ഓഫീസ് കെട്ടിടത്തിന്റെ 20-2-2016 മുതലുള്ള വാടക കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2062 -00- 105-99 —വിജിലൻസ് ട്രൈബ്യൂണൽ

വിഹിതം : 1,05,31,000 രൂപ

101. പുതിയ ഫോട്ടോ കോപ്പിയർ മെഷീൻ വാങ്ങൽ, കമ്പ്യൂട്ടർ ശൃംഖലയുടെ നവീകരണം, ജീവനക്കാരുടെ യാത്രാബത്ത, മറ്റ് ഓഫീസ് ചെലവുകൾ എന്നീ ആവശ്യങ്ങൾക്ക് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 2,25,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2062-00-103-99 —കേരള ലോകായുക്ത, 1998

01-4 —മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം : 3,50,000 രൂപ

102. ലോകായുക്ത, ഉപലോകായുക്ത, രജിസ്ട്രാർ, ഓഫീസ് സ്റ്റാഫ് എന്നിവർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിം മാറികൊടുക്കുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04 —യാത്രാചെലവുകൾ - 4 അവധി യാത്രാനുകൂല്യം

വിഹിതം : 5,00,000 രൂപ

103. ലോകായുക്ത, ഉപലോകായുക്ത, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർക്ക് അവധി യാത്രാനുകൂല്യം നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06 —വാടക, കരം, നികുതി

വിഹിതം : 12,50,000 രൂപ

104. ലോകായുക്ത, ഉപലോകായുക്ത, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവരുടെ ഔദ്യോഗിക വസതികളുടെയും ഓഫീസ് കെട്ടിടത്തിന്റെയും വാടകയിനത്തിലെ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 9,50,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-1 —വാഹനം വാങ്ങൽ

വിഹിതം : 1000 രൂപ

105. അടിയന്തിര ആവശ്യം കണക്കിലെടുത്ത് പുതിയ വാഹനം വാങ്ങുന്നതിനും ലോകായുക്ത രജിസ്ട്രാറുടെ നിലവിലെ വാഹനം ഉപയോഗയോഗ്യമല്ലാത്തതിനാൽ ആയത് മാറ്റി പുതിയ വാഹനം വാങ്ങുന്നതിനുമായി 48,99,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-2 —സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 3,72,000 രൂപ

106. 2017-18 സാമ്പത്തിക വർഷത്തിൽ ഇതുവരെ 3,71,741 രൂപ ചെലവഴിച്ചിട്ടുള്ളതിനാലും ക്യാമ്പ് സിറ്റിംഗുകളുമായി ബന്ധപ്പെട്ട് ഓഫീസ് വാഹനങ്ങൾ നിരന്തരം ഉപയോഗിക്കുന്നതിനാലും വാഹനങ്ങളുടെ കാലപ്പഴക്കം കാരണത്താലും അറ്റകുറ്റപ്പണികൾക്ക് കൂടുതൽ തുക ചെലവാകുന്നതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2,28,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XIII —ജയിലുകൾ

വോട്ട് ചെയ്തത് - 143,26,68,000 രൂപ

ചാർജ്ജ് ചെയ്തത് - ഇല്ല

2056 —ജയിലുകൾ

2056-00-101-99-05 —ഓഫീസ് ചെലവുകൾ

01 —വെള്ളക്കരം

വിഹിതം: 70,00,000 രൂപ

107. തടവുകാരുടെ ബാഹുല്യം നിമിത്തം ജയിലുകളിൽ വെള്ളത്തിന്റെ ഉപഭോഗം വളരെ കൂടുതലായതിനാൽ വെള്ളക്കരയിനത്തിൽ ഭീമമായ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2056-00-101-99-34 —മറ്റു ചെലവുകൾ

3 —മറ്റിനം

വിഹിതം: 10,00,00,000 രൂപ

108. തടവുകാരുടെ വേതനം 2-3-2016 തീയതിയിലെ 78/16/ ആഭ്യന്തരം എന്ന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചതുമൂലവും തടവുകാരുടെ ചികിത്സാ ചെലവ്, മരുന്ന് എന്നിവയിലുണ്ടാകുന്ന വർദ്ധനവ് മൂലവും ഈ ശീർഷകത്തിൽ അധിക തുക ആവശ്യമായി വരുന്നതിനാലും വിവിധ ജയിലുകളിലെ സി.സി.ടി.വി. ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ വാർഷിക മെയിന്റനൻസിനുള്ള തുക കണ്ടെത്തുന്നതും ഈ ശീർഷകത്തിൽ നിന്നായതിനാലും ഈ ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുപുറമേ 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2056-00-101-99-45 —പി.ഒ. എൽ.

വിഹിതം: 33,33,000 രൂപ

109. ജയിലുകളിലെ ഔദ്യോഗിക ആവശ്യങ്ങൾക്കും തടവുകാരുടെ ഹോസ്പിറ്റൽ, കോടതി യാത്രകൾക്കും ജയിൽ വാഹനം ഉപയോഗിക്കുന്നതിനാലും ചില ജയിലുകളിൽ കാർഷിക ആവശ്യത്തിനായി ട്രാക്ടറും ജെ.സി.ബി.-യും ഉപയോഗിക്കുന്നതിനാലും ഇന്ധന ഇനത്തിൽ കൂടുതൽ ചെലവ് വരുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇന്ധന വില വർദ്ധനവിലുണ്ടാകുന്ന ഗണ്യമായ വർദ്ധനവ് കൂടി കണക്കിലെടുത്ത് ഈ ഇനത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2056- 00-101-99-56 —ഭക്ഷണവും ധനസഹായവും

വിഹിതം : 24,00,00,000 രൂപ

110. തടവുകാരുടെ റേഷൻ സമ്പ്രദായം പുനഃസ്ഥാപിച്ചിട്ടില്ലാത്തതിനാൽ പൊതുവിപണി വിലയ്ക്ക് റേഷൻ സാധനങ്ങൾ വാങ്ങേണ്ടിവരുന്നതിനാലും തടവുകാരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും ആഹാരസാധനങ്ങളുടെയും മറ്റു ദൈനംദിന പദാർത്ഥങ്ങളുടെയും വിലയിലുണ്ടാകുന്ന വർദ്ധനവു മൂലമുണ്ടാകുന്ന ചെലവും കണക്കാക്കുമ്പോൾ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2056-00-102-99—ജയിൽ നിർമ്മിത സാധനങ്ങൾ

19—യന്ത്രോപകരണങ്ങൾ

വിഹിതം: 1000 രൂപ

111. കണ്ണൂർ സെൻട്രൽ പ്രിസണിലെ വീവിംഗ് യൂണിറ്റിലേയ്ക്ക് പുതിയ യന്ത്രങ്ങൾ വാങ്ങി വീവിംഗ് യൂണിറ്റ് നവീകരിച്ച് കൂടുതൽ തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും വാണിജ്യാടിസ്ഥാനത്തിൽ തുണിത്തരങ്ങൾ നിർമ്മിക്കുന്നതിനുമായി 54,98,324 രൂപയുടെ എസ്റ്റിമേറ്റ് കേരള സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2056-00-001-98—ജയിലുകൾ നവീകരിക്കുന്നതിന്

വിഹിതം : 1,30,00,000 രൂപ (പദ്ധതി)

112. കൂത്തുപറമ്പിൽ സ്പെഷ്യൽ സബ്ജയിൽ നിർമ്മിക്കുന്നതിനും സംസ്ഥാനത്തെ ജയിലുകളുടെ നവീകരണത്തിനുമായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 330 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

വോട്ടു ചെയ്തത് : 563,93,09,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

4058—സ്റ്റേഷനറിയും അച്ചടിയും ഇവയുള്ള മൂലധനച്ചെലവ്

4058-00-800-97—യൂണിറ്റ് ആഫീസുകളുടെ നിർമ്മാണം/ സ്ഥലം വാങ്ങൽ

വിഹിതം : 50,00,000 രൂപ (പദ്ധതി)

113. പ്ലാൻ റൈറ്റപ്പ് പ്രകാരമുള്ള 3 പ്രവൃത്തികൾക്ക് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക പ്രവൃത്തികളുടെ അടങ്കൽ പ്രകാരം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 50,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2058—സ്റ്റേഷനറിയും അച്ചടിയും

2058-00-001-99—നടത്തിപ്പ്

വിഹിതം : 12,42,20,000 രൂപ

114. പുതിയ 10 പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനും ഓഫീസ് കെട്ടിടത്തിന്റെ വാടക, വാഹനം വാങ്ങൽ തുടങ്ങിയ ഓഫീസ് ചെലവുകൾക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 02-വേതനം | - 10,00,000 രൂപ |
| 06-വാടക, കരം, നികുതി | - 6,00,000 രൂപ |
| 21-1-വാഹനം വാങ്ങൽ | - 10,00,000 രൂപ |
| 21-2-സംരക്ഷണവും അറ്റകുറ്റപ്പണികളും | - 1,00,000 രൂപ |
| 99-വിവരസാങ്കേതിക വിദ്യ | - 19,99,000 രൂപ |

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ -18- സംരക്ഷണം

വിഹിതം : 2,63,000 രൂപ

115. വേയ്ബ്രിഡ്ജ്, കമ്പ്യൂട്ടർ, പേപ്പർ ടെസ്റ്റിംഗ് ലാബ് മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

വിഹിതം : 127,77,13,000 രൂപ

116. ജീവനക്കാരുടെ ഓവർടൈം അലവൻസ് മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ കൊടുക്കുന്നതിനും ഓഫീസിലെ ടെലഫോൺ ചാർജ്ജ്, ലോഡിംഗ്/ അൺലോഡിംഗ് തൊഴിലാളികളുടെ വേതനം, മറ്റ് അലവൻസുകൾ എന്നിവ കൊടുക്കുന്നതിനും അച്ചടിക്ക് വേണ്ട സാധനസാമഗ്രികൾ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയ തുക മതിയാകില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-6-ഓവർ ടൈം അലവൻസ് - 5,00,00,000 രൂപ

05-3-ടെലഫോൺ ചാർജ്ജ് - 2,50,000 രൂപ

05-4-മറ്റിനങ്ങൾ - 10,00,000 രൂപ

24-സാധനസാമഗ്രികൾ - 1,75,00,000 രൂപ

2070-00-003-97—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36— സഹായധനം -ശമ്പളേതരം

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

117. ഐ.എം.ജി. തിരുവനന്തപുരം ആസ്ഥാനത്തും, കൊച്ചിയിലും കോഴിക്കോട്ടുമുള്ള മേഖലാ കേന്ദ്രങ്ങളിലും ഹോസ്റ്റൽ സൗകര്യം വിപുലപ്പെടുത്തുക, ക്ലാസ് റൂം സൗകര്യവും പരിശീലന ഉപകരണങ്ങളും മെച്ചപ്പെടുത്തുകയും വാങ്ങുകയും ചെയ്യുക, പുതിയ പരിശീലന നയത്തിന്റെ ഭാഗമായി എല്ലാ ജീവനക്കാർക്കും ഇൻഡക്ഷൻ പരിശീലനവും ഓറിയന്റേഷൻ പരിശീലനവും നടപ്പിലാക്കാൻ പശ്ചാത്തല സൗകര്യം ഒരുക്കുക എന്നീ ആവശ്യങ്ങൾക്ക് നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-003-97-31—സഹായധനം-ശമ്പളം

വിഹിതം : 7,59,23,000 രൂപ

118. ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളായ ഇ.പി.എഫ്., ഗ്രാറ്റുവിറ്റി, ചികിത്സാ ചെലവ് എന്നിവയും നൽകുന്നതിന് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9,97,85,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-107-99—ഹോംഗാർഡ്സ്

വിഹിതം : 55,00,00,000 രൂപ

119. പോലീസിനെയും അഗ്നിശമന സേനയെയും സഹായിക്കുന്നതിനായി നിലവിലുള്ള ഹോം ഗാർഡുമാരുടെ എണ്ണം മൂവായിരത്തിൽ നിന്ന് അയ്യായിരമായി ഉയർത്തുന്നതിനും

685 രൂപ നിരക്കിൽ ഹോംഗാർഡുമാർക്ക് ദിവസവേതനം നൽകുന്നതിനും തീരുമാനിച്ചിട്ടുള്ളതിനാൽ നിലവിൽ വകയിരുത്തിയ തുക കൊണ്ട് ഈ സാമ്പത്തിക വർഷം മുഴുവനും വേതനം നൽകാൻ കഴിയുകയില്ലെന്ന് സമിതി മനസിലാക്കുന്നു. ആകയാൽ ഈ സാമ്പത്തിക വർഷം 15 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-108—അഗ്നി പ്രതിരോധവും നിയന്ത്രണവും

99—ഭരണവും നടത്തിപ്പും

വിഹിതം : 3,72,54,000 രൂപ

21-1—വാഹനം വാങ്ങൽ

വിഹിതം : ഇല്ല

120. വാഹനങ്ങളുടെയും യന്ത്രസാമഗ്രികളുടെയും അഭാവം രക്ഷാപ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ ബാധിക്കുന്നതായി സമിതി മനസിലാക്കുന്നു. ആയതിനാൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് ആധുനിക വാഹനങ്ങളും യന്ത്രസാമഗ്രികളും വാങ്ങുന്നതിനായി ഈ ഇനത്തിൽ 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-108-98—പ്രതിരോധവും നിയന്ത്രണവും

വിഹിതം : 234,38,53,000 രൂപ

121. വെള്ളക്കരം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | | |
|---|---|---|---|
| 05-ഓഫീസ് ചെലവുകൾ | 1 – വെള്ളക്കരം | - | 25,00,000 രൂപ |
| | 3 - ടെലഫോൺ ചെലവ് | - | 5,00,000 രൂപ |
| | 4 – മറ്റിനങ്ങൾ | - | 20,00,000 രൂപ |
| 34 – മറ്റ് ചെലവുകൾ | 3 - മറ്റിനം | - | 10,00,000 രൂപ |

2070-00-108-97—പരിശീലനം

വിഹിതം : 2,11,96,000 രൂപ

122. അക്കാഡമിയിലെ ജീവനക്കാരുടെ മെഡിക്കൽ റീ ഇംമ്പേഴ്സ്മെന്റ്, ദൈനംദിന ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി വിവിധ ശീർഷകങ്ങളിലായി അനുവദിച്ചിരിക്കുന്ന തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | | | |
|---|---|---|---|---|
| 01-4 - മെഡിക്കൽ റീഇംബേഴ്സ്മെന്റ് | | | - | 1,00,000 രൂപ |
| 05-ഓഫീസ് ചെലവുകൾ | 1 – | വെള്ളക്കരം | - | 20,000 രൂപ |
| | 4 - | മറ്റിനങ്ങൾ | - | 50,000 രൂപ |
| 21 - മോട്ടോർ വാഹനങ്ങൾ | | | - | 2,00,000 രൂപ |
| 34 - മറ്റ് ചെലവുകൾ | 3 – | മറ്റിനങ്ങൾ | - | 10,00,000 രൂപ |
| 45 - പി.ഒ.എൽ. | | | - | 2,00,000 രൂപ |

2070-00-108-94—അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം

വിഹിതം : 65,00,00,000 രൂപ (പദ്ധതി)

123. അഗ്നിശമന സേനയുടെ നവീകരണത്തിനായി നടപ്പുവർഷം വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള ബൃഹത്തായ കർമ്മ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും സേനയെ ആധുനികവൽക്കരിക്കുന്നതിനും വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-108-92—അഗ്നിശമനവും അടിയന്തര സർവ്വീസുകളും ശക്തിപ്പെടുത്തൽ

(75% സെൻട്രലി സ്പോൺസേർഡ് സ്കീം)

വിഹിതം : ഇല്ല (പദ്ധതി)

124. 2011-12 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 316 ലക്ഷം രൂപ അനുവദിച്ചതിൽ 52,32,502 രൂപ ചെലവാക്കിയതായും ഈ ശീർഷകത്തിൽ ബാക്കിയുള്ള 2,65,93,821 രൂപ ഭരണപരമായ കാലതാമസംമൂലം ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. എങ്കിലും ഇക്കാര്യത്തിൽ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുന്നത് പരിഗണിച്ച് ഈ ശീർഷകത്തിൽ 2,65,94,000 രൂപ 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-119-98—ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ

വിഹിതം : 3,08,52,000 രൂപ

125. ഓഫീസ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും വാടക അടക്കമുള്ള മറ്റ് അത്യാവശ്യ ഓഫീസ് ചെലവുകൾ വഹിക്കുന്നതിലേക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടു ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-ശമ്പളം | - | 1,25,000 രൂപ |
| 04-യാത്രാചെലവുകൾ | - | 52,000 രൂപ |
| 05-ഓഫീസ് ചെലവുകൾ | - | 2,73,000 രൂപ |
| 06-വാടക, കരം, നികുതി | - | 15, 000 രൂപ |
| 21-മോട്ടോർ വാഹനങ്ങൾ വാങ്ങൽ | - | 9,00,000 രൂപ |
| 26-ഔദ്യോഗികഭാഷാ പ്രയോഗം | - | 10,000 രൂപ |

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

വിഹിതം : 7,40,000 രൂപ

126. സംസ്ഥാന ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നൽകൽ, ഔദ്യോഗിക ഭാഷാ ആക്ടിലെ വ്യവസ്ഥകൾ, നിർദ്ദേശങ്ങൾ, പ്രധാനപ്പെട്ട ഉത്തരവുകൾ എന്നിവയെ കുറിച്ച് സർക്കാർ ജീവനക്കാരെ ബോധവൽക്കരിക്കൽ, ഭാഷാ മാറ്റ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് 98 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

## ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

| | | |
|---|---|---|
| വോട്ടു ചെയ്യുന്നത് | : | 208,89,26,00,000 രൂപ |
| ചാർജ്ജ് ചെയ്യുന്നത് | : | 20,00,000 രൂപ |

3425—മറ്റു ശാസ്ത്രീയ ഗവേഷണം

3425-60-200-71—കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ- ധനസഹായം

വിഹിതം : 68,21,92,000

127. കൗൺസിലിന്റെ കീഴിലുള്ള 7 ഗവേഷണ സ്ഥാപനങ്ങളിലെയും കൗൺസിൽ കാര്യാലയത്തിലെയും ശാസ്ത്രജ്ഞരുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും

ശമ്പളപരിഷ്കരണ കടിശ്ശികയും നൽകുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചിലവുകൾ വഹിക്കുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 22,11,10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3425-60-200-71—കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ- ധനസഹായം

വിഹിതം : 1,00,23,00,000 രൂപ (പദ്ധതി)

128. കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും കൗൺസിലിനു കീഴിലെ ഗവേഷണ സ്ഥാപനങ്ങൾക്കായും കൗൺസിൽ നേരിട്ട് നടത്തുന്ന പരിപാടികൾക്കുമായി ഈ ശീർഷകത്തിൽ 13,61,06,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3425-60-200-70—ബയോടെക്നോളജി വികസനം

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

129. ജൈവ സാങ്കേതിക വിദ്യാവികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 220 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

3425-60-200-63—കരമന നദിയുടെ ശാസ്ത്രീയ പരിപാലന പദ്ധതി

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

130. കരമന നദീതടത്തെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനായി കർമ്മ പദ്ധതി തയ്യാറാക്കുന്നതിനും പദ്ധതി നടത്തിപ്പിനും സ്പിൽ ഓവർ നിർമ്മാണത്തിനുള്ള ചെലവുകൾ വഹിക്കുന്നതിനും നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3425-60-200-67—സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി- പ്രത്യേക പരിപാടികൾ

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

131. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രത്യേക പരിപാടികളുടെ നടത്തിപ്പിനായി 475 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3425-60-200-55—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.)

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

132. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫലപ്രദമായ പ്രവർത്തനത്തിനായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 3500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIII - വാർത്താവിതരണവും പ്രചരണവും

വോട്ടു ചെയ്തത് : 106,62,86,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2220—വാർത്താവിതരണവും പ്രചരണവും

2220-01-001-99—പബ്ലിക് റിലേഷൻസ് ഡയറക്ടേറ്റ്

21—മോട്ടോർ വാഹനങ്ങൾ

2—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 1,70,000 രൂപ

133. നിലവിലുള്ള വാഹനങ്ങൾ കാലപ്പഴക്കം ചെന്നതായതിനാൽ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപണികൾക്കുമായി നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-01-001-98—ജില്ലാ പ്രചരണ ഓഫീസുകൾ

21-1—മോട്ടോർ വാഹനങ്ങൾ വാങ്ങൽ

വിഹിതം : ഇല്ല

134. പബ്ലിക് റിലേഷൻസ് വകുപ്പിന്റെ അഞ്ച് ജില്ലാ ഓഫീസുകളിലും ആറ് മേഖലാ ഓഫീസുകളിലും 12 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളാണുള്ളതെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ ജില്ലാ ഓഫീസുകളിലെ 5 വാഹനങ്ങൾക്കും മേഖലാ ഓഫീസുകളിലെ 6 വാഹനങ്ങൾക്കും പകരമായി പുതിയവ വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-01-001-96—പ്രത്യേക പൊതുജന സമ്പർക്ക മേളകൾ സംഘടിപ്പിക്കുന്നതിന്

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

135. മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷപരിപാടികൾ, അതുമായി ബന്ധപ്പെട്ട പരസ്യങ്ങൾ, കാമ്പെയിനുകൾ, സർക്കാരിന്റെ ഫ്ളാഗ്ഷിപ് പ്രോജക്ടുകളുടെ പ്രചരണം, വരൾച്ച ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിലെ ബോധവൽക്കരണപരിപാടികൾ എന്നിവയ്ക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-101-97—പരസ്യത്തിനുള്ള ചെലവുകൾ

01—അച്ചടി മാധ്യമം

വിഹിതം : 10,00,00,000 രൂപ

136. വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നും പത്രങ്ങളിൽ കൊടുക്കുന്ന ടെൻഡർ പരസ്യങ്ങളുടെയും വിജ്ഞാപനങ്ങളുടെയും പരസ്യക്കൂലി നൽകുന്നതിനായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-106-94—വാർത്താ വിതരണ വിദ്യാഭ്യാസവും കമ്മ്യൂണിക്കേഷനും

വിഹിതം : 10,00,000/- രൂപ (പദ്ധതി)

137. സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികളുടെ പ്രചരണം, മദ്യം-മയക്കുമരുന്ന് ഉപയോഗത്തിനെതിരെയുള്ള പ്രചരണം, ശുദ്ധജലസംരക്ഷണം, വിവിധ നിയമങ്ങളുടെ ബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-800-77—സുതാര്യ കേരളം- ദൂരദർശനിലും ആകാശവാണിയിലും ഉള്ള ഫോൺ -ഇൻ-പ്രോഗ്രാം

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

138. മുഖ്യമന്ത്രി നടത്തുന്ന പൊതുജന പരാതിപരിഹാര പരിപാടിയായ 'നാം മുന്നോട്ട്' എന്ന പ്രോഗ്രാം മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ദൂരദർശനു പുറമേ 10 സ്വകാര്യ ചാനലുകളിൽ കൂടി സംപ്രേഷണം ചെയ്യുന്നതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള

വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 350 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

വോട്ടു ചെയ്തത് : 1293,76,46,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2230—തൊഴിലും തൊഴിൽ സൗകര്യങ്ങളും നൈപുണ്യവികസനവും

2230 -01-103-39—നോർക്ക വകുപ്പിനു കീഴിലുള്ള സാന്ത്വന പദ്ധതി

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

139. പ്രവാസി മലയാളികൾക്കായി നോർക്ക വകുപ്പിനു കീഴിലുള്ള ധനസഹായ പദ്ധതിയായ സാന്ത്വനം പദ്ധതിയിലേക്ക് അപേക്ഷിക്കുന്നവരുടെ എണ്ണം ഓരോ വർഷവും ക്രമാതീതമായി വർദ്ധിച്ച് വരുന്നതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230 -01-103-28—പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ

വിഹിതം : 42,67,000 രൂപ

140. കമ്മീഷനിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്കും പുതിയതായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കും ശമ്പളം, യാത്രാബത്ത, മറ്റ് അലവൻസുകൾ എന്നിവ നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 12 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-12—പ്രവാസി കേരളീയരെ സഹായിക്കുന്നതിനായി, നോർക്ക റൂട്ട്സ് ഓഫീസുകളും ജില്ലാ സെല്ലുകളും ശക്തിപ്പെടുത്തൽ

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

141. പ്രവാസി കേരളീയരെ സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് ആസ്ഥാന ഓഫീസിന്റെയും ജില്ലാ സെല്ലുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും

ആയതിലേക്ക് നിലവിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ

വോട്ട് ചെയ്തത് : 1595,77,44,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

4859—ടെലികമ്മ്യൂണിക്കേഷൻ ഇലക്ട്രോണിക്സ് വ്യവസായങ്ങൾക്കുള്ള മൂലധനച്ചെലവ്

4859-02-004-96—സൈബർപാർക്ക്

01—സംസ്ഥാന സഹായം

വിഹിതം : 21,69,00,000 രൂപ (പദ്ധതി)

142. 2018-19 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് സൈബർ പാർക്കിന്റെ ആദ്യഘട്ട സ്പിൽ ഓവർ വർക്കുകളും രണ്ടാംഘട്ട (ഫേസ് II) വികസന പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിനോടൊപ്പം ഐ.ടി. കെട്ടിടത്തിന്റെ 3,4 നിലകളുടെ പ്ലഗ് & പ്ലേ വർക്കുകളും സോളാർ പവർപ്ലാൻ ആദ്യഘട്ട വർക്കുകളും, മൾട്ടിലെവൽ കാർപാർക്കിംഗ് പ്രവർത്തനങ്ങളും ആരംഭിക്കേണ്ടതിനാൽ നിലവിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4,81,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-004-95—വിവരസാങ്കേതികവിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനും

വിഹിതം : 83,00,00,000 രൂപ (പദ്ധതി)

143. ടെക്നോപാർക്കിന്റെയും ടെക്നോസിറ്റിയുടെയും സ്ഥലമെടുപ്പിനും വികസനത്തിനും വേണ്ടി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 06—ഭൂമി ഏറ്റെടുക്കൽ-ടെക്നോപാർക്കിന്റെയും ടെക്നോസിറ്റിയുടെയും ഘട്ടം I,II,III | - 68,37,00,000 രൂപ |
| 04—ടെക്നോസിറ്റി തിരുവനന്തപുരം | - 5,00,00,000 രൂപ |

4859-02-004-94—ഇൻഫോപാർക്കുകൾ

01—ഇൻഫോപാർക്ക്,കൊച്ചി

വിഹിതം : 44,80,00,000 രൂപ (പദ്ധതി)

144. ഇൻഫോപാർക്ക് രണ്ടാംഘട്ട വികസനത്തിനായി സ്ഥലം ഏറ്റെടുത്ത നടപടികളുമായി ബന്ധപ്പെട്ട കേസുകളുടെ തീർപ്പുകൾക്കായി ഈ ശീർഷകത്തിൽ 66,94,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

02—ഇൻഫോപാർക്ക് -തൃശ്ശൂർ

വിഹിതം: 17,00,00,000 രൂപ (പദ്ധതി)

145. ഇൻഫോ പാർക്കിന്റെ തൃശ്ശൂർ കൊരട്ടി ക്യാമ്പസിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ഫിറ്റ് ഔട്ട് പ്രവർത്തികൾക്കും അടിസ്ഥാനസൗകര്യ വികസനത്തിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

03—ഇൻഫോപാർക്ക് -ചേർത്തല

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

146. ഇൻഫോ പാർക്കിന്റെ ചേർത്തല ക്യാമ്പസിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ഫിറ്റ് ഔട്ട് പ്രവർത്തികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-190-94—ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ കേരള എന്ന കമ്പനിയുള്ള മൂലധന നിക്ഷേപം

01—കോഴിക്കോട് ഐ. ടി. പാർക്ക് നിർമ്മാണം

വിഹിതം : 25,00,00,000 രൂപ (പദ്ധതി)

147. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട എൽ.എ.ആർ. കേസുകളുടെ നഷ്ടപരിഹാരം, ഐ.ടി. ബിൽഡിംഗിന്റെ നിർമ്മാണം ഉടങ്ങിയ ചെലവുകൾ വഹിക്കേണ്ടതിനാൽ

നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

02—സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ ടെലിപ്രസന്റ്സ് നെറ്റ്‌വർക്ക് വഴി ഐ.ടി. പാർക്കുകളുമായി ബന്ധിപ്പിക്കുന്നതിനുള്ള സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം

വിഹിതം : 25,37,00,000 രൂപ (പദ്ധതി)

148. വിവരസാങ്കേതിക വിദ്യയുടെ നൂതനവും ഉന്നത നിലവാരമുള്ളതുമായ സാധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളുടെ കഴിവുകൾ വളർത്തുന്നതിന് ഉപകരിക്കുന്ന "സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം" പദ്ധതി പൂർത്തീകരിക്കുന്നതിന് 1202 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

03—കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് (കെഫോൺ)

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

149. സർക്കാർ സ്ഥാപനങ്ങൾ തമ്മിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തമ്മിലും ബന്ധിപ്പിക്കുന്ന അതിവേഗ കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്കായ KFON പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 37 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 652,92,53,000 രൂപ |
| ചാർജ്ജ് ചെയ്തത് | : | 70,29,90,000 രൂപ |

5053—സിവിൽ ഏവിയേഷനുള്ള മൂലധന ചെലവ്

5053-02-190-97—കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 1,00,000 രൂപ (പദ്ധതി)

150. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിർമ്മാണ പ്രവർത്തനത്തോടനുബന്ധിച്ച് കേടുപാടുകൾ സംഭവിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾക്കും നിലവിലുള്ള വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 283.41 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7053—സിവിൽ ഏവിയേഷനുള്ള വായ്പകൾ

7053-02-190-99—തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ

വിഹിതം : 2,000 രൂപ

151. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി 18 ഏക്കർ ഭൂമി അടിയന്തരമായി ഏറ്റെടുക്കുന്നതിനും റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിക്കുന്നതിനും വിവിധ വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് എൽ.എ.ആർ. കേസുകളിൽ കോടതി വിധിപ്രകാരമുള്ള അധിക തുക നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 300 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2018 ഫെബ്രുവരി 20.

പിണറായി വിജയൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.